## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :6013** **19.11.2019-ൽ മറുപടിക്ക്**

## കാർഷിക സഹകരണ സംഘങ്ങൾ കർഷകർക്ക് നൽകിവരുന്ന സേവനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.രാജു എബ്രഹാം** | **ശ്രീ.കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | സഹകരണസംഘങ്ങളും കാർഷിക സഹകരണ സംഘങ്ങളും കർഷകർക്ക് നൽകിവരുന്ന സേവനങ്ങളും ആനുകൂല്യങ്ങളും എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ; | (എ) | സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിലേക്കായി നെൽകർഷകരെ തിരികെ കൃഷിയിലേയ്ക്ക് കൊണ്ടുവരുന്നതിനും, നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നിലവിലുള്ള കാർഷിക മേഖല സംരക്ഷിച്ച് സംസ്ഥാനത്ത് നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനും നെൽകൃഷി ലാഭകരമാക്കുന്നതിനുമുള്ള ഉദ്ദേശ്യത്തോടെ സംസ്ഥാനത്തെ വായ്പ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ മുഖേന നെൽകർഷകർക്ക് പലിശരഹിതവായ്പ നൽകുകയും വായ്പയിന്മേലുള്ള പലിശ സംഘങ്ങൾക്ക് സർക്കാർ നൽകുകയും ചെയ്യുന്നു.<br><br>കാർഷിക ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി തെരഞ്ഞെടുത്ത സഹകരണ സംഘങ്ങളുടെ അധീനതയിൽ സർക്കാരിന്റെ പദ്ധതി സഹായത്തിലൂടെ കർഷക സേവന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. ടി കർഷക സേവന കേന്ദ്രങ്ങൾ വഴി കർഷകർക്ക് ഫാം സർവീസുകൾ ബ്ലോക്ക്തലത്തിൽ നൽകി വരുന്നു. ടി കേന്ദ്രങ്ങൾ കൃഷി വകുപ്പുമായി ചേർന്ന് ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽപ്പെടുന്ന എല്ലാ ഗ്രാമപഞ്ചായത്തുകളിലെയും കാർഷിക പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നു. |

| | | | |
|---|---|---|---|
| | | | കാർഷിക വായ്പ, പലിശ നിരക്ക്, കടം ഒഴിവാക്കൽ പദ്ധതി തുടങ്ങിയവയെ സംബന്ധിച്ച് കർഷകർക്ക് വിവരങ്ങൾ നൽകുന്നു. ബ്ലോക്ക് തലത്തിൽ കാർഷിക മേഖലയുടെ യന്ത്രവത്കരണത്തിന്റെ ഒരു കേന്ദ്രമായും നിരന്തര സ്വയം സഹായ കേന്ദ്രങ്ങളായും പ്രവർത്തിച്ചുവരുന്നു. തെരഞ്ഞെടുക്കപ്പെടുന്ന കർഷക സേവന കേന്ദ്രങ്ങളിൽ മണ്ണ് പരിശോധനാ കേന്ദ്രങ്ങൾ ആരംഭിച്ച് കർഷകർക്ക് ആവശ്യമായ സേവനങ്ങൾ നൽകുന്നുണ്ട്.<br><br>കർഷകർക്ക് പ്രയോജനം ലഭിക്കുന്നതിന് വേണ്ടി സഹകരണ സംഘങ്ങൾക്ക് ചുവടെ പറയും പ്രകാരമുള്ള പദ്ധതി സഹായങ്ങളും നൽകി വരുന്നുണ്ട്.<br><br>I) സ്വന്തം ഫണ്ട് ഉപയോഗിച്ച് കഴിഞ്ഞ വർഷത്തേക്കാൾ കൂടുതലായി ഹ്രസ്വകാല കാർഷിക വായ്പ നൽകുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്, ഫാർമേഴ്സ് സർവ്വീസ് സഹകരണ സൊസൈറ്റി എന്നിവ നെൽകൃഷിയ്ക്കായി മുൻ വർഷത്തെ അപേക്ഷിച്ച് കൂടുതൽ വായ്പ നൽകിയിട്ടുണ്ടെങ്കിൽ വർദ്ധനവിന്റെ **5%** പരമാവധി **1** ലക്ഷം രൂപ വരെ പ്രോത്സാഹന സഹായം നൽകുന്നുണ്ട്.<br><br>II)കഴിഞ്ഞ വർഷം അനുവദിച്ച മൊത്തം കാർഷിക വായ്പയേക്കാൾ 20 ശതമാനത്തിൽ കൂടുതൽ തുക നെൽകൃഷിക്കായി വായ്പ നൽകുന്ന ഓരോ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കും ഗ്രാന്റായി |

| | | | |
|---|---|---|---|
| | | | പരമാവധി 25,000/- രൂപ നിരക്കിൽ പ്രോത്സാഹന സഹായം നൽകി വരുന്നുണ്ട്.<br><br>III)സഹകരണ സംഘത്തിന് കൊയ്ത്തുമെതി യന്ത്രം വാങ്ങുന്നതിന് പ്രോത്സാഹന ഗ്രാന്റായി വിലയുടെ 20 ശതമാനമോ 4 ലക്ഷം രൂപയോ ഏതാണോ കുറവ് ടി തുക നൽകി വരുന്നുണ്ട്.<br><br>IV) സഹകരണ സ്ഥാപനങ്ങൾ നെൽകൃഷിയ്ക്കായി കർഷകനു നൽകിയ പലിശരഹിത വായ്പയ്ക്ക് സഹകരണ സ്ഥാപനങ്ങൾ നൽകുന്ന അംഗീകൃത ഇൻഷ്വറൻസ് പ്രീമിയം തുക തിരിച്ച് നൽകുന്നതിന് ധനസഹായം നൽകുന്ന വ്യവസ്ഥയുണ്ട്.<br><br>V) ഹൈടെക് കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും ഹരിത ഭവനങ്ങൾ സ്ഥാപിക്കുന്നതിനും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നുണ്ട്.<br><br>VI)നെൽകൃഷിയ്ക്ക് വായ്പ നൽകുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങൾ, വനിതാ സംഘങ്ങൾ ഇവയുടെ കീഴിലുള്ള സ്വാശ്രയ ഗ്രൂപ്പുകൾക്ക് പ്രോത്സാഹന സഹായം നൽകിവരുന്നുണ്ട്.<br><br>സഹകരണസ്ഥാപനങ്ങൾ നെൽകൃഷിക്കായി പലിശരഹിത വായ്പ നൽകുന്നതോടൊപ്പം കർഷകരിൽ നിന്നും ചെറിയൊരു തുക സ്വീകരിച്ച് ടി വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകി വരികയും ചെയ്യുന്നു. സ്വന്തം |

| | | | |
|---|---|---|---|
| | | | ഫണ്ട് ഉപയോഗിച്ച് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ നെൽകൃഷിക്കായി ധനസഹായം നൽകിവരുന്നു. നിലവിൽ കിസാൻ ക്രെഡിറ്റ് കാർഡുകൾ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്തിട്ടുണ്ട്. കാർഷിക വായ്പകൾക്കുള്ള രണ്ട് ശതമാനം പലിശയിളവ് സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതും സഹകരണ സംഘങ്ങൾ സ്വന്തം ഫണ്ടിൽ നിന്ന് പരമാവധി **7%** പലിശ നിരക്കിൽ വിതരണം ചെയ്യുന്ന 3,00,000/- രൂപ വരെയുള്ള വായ്പകൾക്ക് 2% പലിശയിളവും ടി വായ്പകൾ കൃത്യമായി അടയ്ക്കുന്ന കർഷകർക്ക് **3%** പലിശയിളവും നൽകി വരുന്നു. പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേനയുള്ള കാർഷിക വായ്പാ വിതരണം, കാർഷിക ഉത്പാദനം വർദ്ധിപ്പിക്കൽ എന്നിവ നടപ്പിലാക്കുന്നതിനായി പഞ്ചായത്ത്, കൃഷിവകുപ്പുകളുമായി സഹകരിച്ച് പ്രവർത്തിച്ചുവരുന്നു.<br><br>കർഷകരിൽ നിന്നും നെല്ല് സംഭരിച്ചതിന്റെ രസീത് കർഷകർ ബാങ്കുകളിൽ ഹാജരാക്കുമ്പോൾ നെല്ലിന്റെ വില കർഷകരുടെ അക്കൗണ്ടിൽ PRS (പാഡി രസീപ്റ്റ് ഷീറ്റ്)ലോൺ വഴി ലഭ്യമാക്കുന്നതിനായി സപ്ലൈക്കോയും ബാങ്കുകളും തമ്മിൽ കരാറിൽ ഏർപ്പെടുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് അപ്രകാരം ബാങ്കുകൾക്ക് നൽകുന്ന അതേ പരിഗണന നൽകി പാലക്കാട് ജില്ലയിലെ സഹകരണ സംഘങ്ങളെ കൂടി നെല്ല് സംഭരണപ്രക്രിയയിൽ |

| | | | |
|---|---|---|---|
| | | | പങ്കെടുപ്പിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം പാലക്കാട് ജില്ലയിലെ നെൽകർഷകർക്ക് പാലക്കാട് ജില്ലാ സഹകരണ ബാങ്ക് മുഖാന്തിരം നെല്ലിന്റെ വില കാലതാമസം കൂടാതെ നൽകി വരുന്നു. |
| (ബി) | സഹകരണ സംഘങ്ങൾ ജൈവകൃഷി പ്രോത്സാഹിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | കേരളത്തിന്റെ നെല്ലറയായ പാലക്കാട് ആസ്ഥാനമാക്കി പാലക്കാട് പാഡി പ്രൊക്യൂയർമെന്റ്, പ്രോസസ്സിംഗ് ആന്റ് മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ പി. 1449 (PAPCOS) എന്ന പേരിൽ ഒരു സഹകരണ സംഘം രൂപീകരിച്ചിട്ടുണ്ട്, അതിനു കീഴിൽ നെല്ല് സംഭരിച്ച് അരിയാക്കി മാറ്റുന്നതിനുള്ള സൗകര്യത്തോട് കൂടിയ ഒരു ആധുനിക റൈസ് മില്ലും സൈലോകളും (SILOS) സ്ഥാപിക്കുന്നതിനും, സംഭരിക്കുന്ന നെല്ലും അരിയും സൂക്ഷിക്കുന്നതിന് ഗോഡൗണുകൾ നിർമ്മിക്കുന്നതിനും വേണ്ടുന്ന നടപടികൾ സ്വീകരിച്ച് വരുന്നു. കേരളത്തിലെ വിവിധ സഹകരണ സംഘങ്ങൾ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നുണ്ട്. |
| (സി) | കാർഷിക ആവശ്യങ്ങൾക്ക് സഹകരണസംഘങ്ങൾക്ക് നൽകാവുന്ന പരമാവധി തുക നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയാണ്; | (സി) | കാർഷിക ആവശ്യങ്ങൾക്ക് സഹകരണ സംഘങ്ങൾക്ക് നൽകാവുന്ന പരമാവധി തുക സ്കെയിൽ ഓഫ് ഫൈനാൻസിന് വിധേയമായി 10 ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | ഇത്തരത്തിൽ എടുക്കുന്ന കാർഷിക വായ്പകൾക്ക് എത്ര ശതമാനം പലിശയാണ് ഈടാക്കുന്നത്; ഇതിന് എത്ര രൂപയാണ് സബ്സിഡി നൽകുന്നതെന്നും അത് എപ്പോഴാണ് | (ഡി) | ഇത്തരത്തിൽ എടുക്കുന്ന കാർഷിക വായ്പകൾക്ക് സഹകരണ സംഘം രജിസ്ട്രാർ അതാതു സമയങ്ങളിൽ നിശ്ചയിക്കുന്ന പലിശ നിരക്ക് ബാധകമായിരിക്കും. ഹ്രസ്വകാല |

| | | | |
|---|---|---|---|
| | നൽകുന്നതെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ? | | കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടക്കുന്നവർക്ക് പലിശ സബ്സിഡി നൽകുന്നതിനായി ഉത്തേജന പലിശയിളവ് പദ്ധതി നിലവിലുണ്ട്. ടി പദ്ധതി പ്രകാരം നബാർഡിൽ നിന്നുള്ള 3% പലിശ സബ്സിഡി കഴിച്ച് പരമാവധി 4% പലിശ സബ്സിഡി അനുവദിക്കുന്നുണ്ട്. ജില്ലകളിൽ നിന്നും ക്ലെയിം സ്റ്റേറ്റ്മെന്റ് ലഭിക്കുന്ന പ്രകാരം സർക്കാരിൽ നിന്നും അനുവദിക്കുന്ന തുകയ്ക്ക് ആനുപാതികമായി തുക നൽകിവരുന്നു. |

**സെക്ഷൻ ഓഫീസർ**